

# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 3 • ISSUE : 2 FEBRUARY 2009


## എഡിറ്റോറിയൽ

# അനുസരണം

മക്കളേ, നിങ്ങളുടെ അമ്മയപ്പന്മാരെ കർത്താവിൽ അനുസരിപ്പിൻ. അതു ന്യായമല്ലോ (എഫേ 6 : 1)

അന്ധയും ബധിരയുമായിരുന്ന ഹെലൻകെല്ലറിന്റെ അദ്ധ്യാപിക ആൻ സല്ലിവൻ അവരുടെ സ്വന്തം അനുഭവത്തിൽനിന്നു പറഞ്ഞിരിക്കുന്നത് "വിജ്ഞാനം മാത്രമല്ല, സ്നേഹം തന്നെയും ഒരു കുട്ടിയുടെ മനസ്സിലേക്കു കടന്നുചെല്ലുന്നത് അനുസരണമെന്ന പ്രവേശനമാർഗ്ഗത്തിൽകൂടെയാണെന്ന് എനിക്കു ബോദ്ധ്യപ്പെട്ടു" എന്നാണ്.

ഒരിക്കൽ ഒരു വ്യവസായി തനിക്ക് സഹായിയായി ഒരു ബാലനെ ആവശ്യമുണ്ടെന്നു കാണിച്ച് ഒരു പരസ്യം നല്കി. അപേക്ഷകരുടെ ബാഹുല്യം നിമിത്തം ആരെയും തിരഞ്ഞെടുക്കാൻ സാധിക്കാതെവന്നു. കുറച്ചു ദിവസങ്ങൾക്കു ശേഷം പരസ്യം ഒന്നു വ്യത്യാസപ്പെടുത്തി. അച്ഛനമ്മമാരെ അനുസരിക്കുന്ന ഒരു ബാലനെ ആവശ്യമുണ്ടെന്നായിരുന്നു പുതിയ പരസ്യം. ഇത്തവണ അപേക്ഷകർ വിരലിലെണ്ണാവുന്നവർ മാത്രമാകുകയും തിരഞ്ഞെടുപ്പ് എളുപ്പമാകുകയും ചെയ്തു.

ഒരു റെയിൽവേ എൻജിൻ ഡ്രൈവറുടെ രണ്ടരവയസ്സായ മനകന്റെ കഥ ഓർമ്മയിൽ വരുന്നു. അവൻ അച്ഛനെ പൂർണ്ണമായി അനുസരിക്കുന്നവനായിരുന്നു. റെയിൽപാളത്തിന്റെ അടുത്തായിരുന്നു അവരുടെ താമസം. ഒരുദിവസം അയാൾ ട്രെയിൻ ഓടിച്ചുവരുമ്പോൾ കണ്ടത് കുട്ടി റെയിൽപാളത്തിലിരുന്നു കളിക്കുന്നതാണ്. ട്രെയിനിന്റെ വേഗത, ട്രെയിൻ നിർത്തി കുട്ടിയെ രക്ഷിക്കാവുന്നതിൽ കൂടുതലായിരുന്നു. പെട്ടെന്ന് അയാൾ, ട്രെയിൻ നോക്കി പകച്ചുനിന്ന കുട്ടിയോട് പാളത്തിൽ കിടക്കാൻ ആംഗ്യം കാട്ടി. കുട്ടി, പാളങ്ങളുടെ നടുവിൽ നിലംപറ്റി കിടക്കുകയും, ട്രയിൻ കുട്ടിയുടെ ദേഹത്തു മുട്ടാതെ കടന്നുപോകുകയും ചെയ്തു. കുട്ടിയുടെ അനുസരണമാണ് ആ നിമിഷത്തിൽ കുട്ടിക്കു സംഭവിക്കാമായിരുന്ന അപകടം ഒഴിവാക്കിയത്.

കർത്താവു താൻ സ്നേഹിക്കുന്നവരെ ശിക്ഷിക്കുന്നു. താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു (എബ്രാ 12 : 6) അനുസരണക്കേടിനുള്ള ശാസനയും ശിക്ഷണവും മാതാപിതാക്കളുടെ സ്നേഹപ്രകടനങ്ങളാണ്. അതില്ലാതെ വളർത്തപ്പെടുന്നവർ തെറ്റിപ്പോകാനിടയുണ്ട്.

പല സംഘടനകളിലും ആദ്യം അനുസരിക്കുക പിന്നെ ചോദ്യം ചെയ്യുക എന്ന പ്രമാണമുണ്ട്. സംഘടനകളുടെ വളർച്ചയ്ക്ക് നേതാവിനെ അനുസരിക്കേണ്ടതാവശ്യമാണ്.

ക്രിസ്തീയവിശ്വാസം പ്രായമായതിനുശേഷം മാത്രം മനസ്സിലാക്കേണ്ടതല്ല. കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ച് അറിയുവാനും, യേശു പറഞ്ഞതുപോലെ ജീവിക്കുവാനും ബാല്യകാലത്തു തന്നെ അഭ്യസിക്കണം. ശിശുക്കളെ അനുസരണത്തിൽ വളർത്തുവാൻ യഹൂദന്മാർ വളരെ ശ്രദ്ധിച്ചിരുന്നതായി കാണാം. സ്വഭാവം രൂപപ്പെടുന്നത് ബാല്യകാലത്താണല്ലോ.

അനേകം ക്രിസ്ത്യാനികളെ വകവരുത്തിയ നീറോ ചക്രവർത്തി ബാലനായിരിക്കുമ്പോൾ അവന്റെ അമ്മ അവനെ രസിപ്പിക്കുവാൻ ജീവനുള്ള പ്രാണികളെ കോർത്തു മാലയായി ഇട്ടുകൊടുക്കുമായിരുന്നു. ആ ഹീനമായ പരിശീലനം അവൻ പ്രായമായപ്പോൾ മനുഷ്യർക്ക് എതിരായി പ്രയോഗിച്ചു.

നമ്മുടെ കർത്താവ്, നല്ല അമ്മയായ മറിയയുടെ പരിശീലനത്തിൽ വളർന്നു. കർത്താവ് പന്ത്രണ്ടു വയസ്സിനുശേഷവും മാതാപിതാക്കൾക്ക് കീഴടങ്ങിയിരുന്നതായി കാണുന്നു. ബാലനായിരിക്കുമ്പോൾ പരിശീലിക്കുന്നത് വൃദ്ധനായാലും മറന്നുപോകയില്ല.



# ഫിലിപ്പോസ് മാർ യൗസേബിയോസ് കാലം ചെയ്തു

തുമ്പമൺ ഭദ്രാസന മെത്രാപ്പൊലീത്തയായി 18 വർഷം പ്രശസ്തസേവനമനുഷ്ഠിച്ച മാർ യൗസേബിയോസ് (78) നിര്യാതനായി. ജനുവരി 22-ാം തീയതി നിര്യാതനായ മെത്രാപ്പൊലീത്തയുടെ കബറടക്ക ശുശ്രൂഷ 23-ാം തീയതി ബേസിൽ അരമനയിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാബാവയും, ശ്രേഷ്ഠനിയുക്ത കാതോലിക്കാ പൗലോസ് മാർ മിലിത്തിയോസും, ഓർത്തഡോക്സ് സഭയിലെയും സഹോദരസഭകളിലെയും മെത്രാപ്പോലീത്തമാരും കൂടി നിർവ്വഹിച്ചു. രാവിലെ നടന്ന നഗരികാണിക്കലിൽ നാനാജാതിമത സ്ഥരായ വലിയൊരു ജനാവലി പങ്കെടുത്തു.

ലാളിത്യം മുഖമുദ്രയാക്കിയ യൗസേബിയോസ് വേദശാസ്ത്രപണ്ഡിതൻ, സംഘാടകൻ, പ്രാസംഗികൻ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു. നാരങ്ങാനം പേരങ്ങാട്ട് പുത്തൻപറമ്പിൽ പി.ജി. തോമസിന്റെയും സാറാമ്മയുടെയും മകനായി 1931 ജൂൺ 16 നായിരുന്നു ജനനം. അച്ഛനമ്മമാർ ഫിലിപ്പോസ് തോമസ് എന്നു പേരിട്ടു. 1974 ജൂൺമാസം 7ന് വൈദികപട്ടവും, 1983 മെയ് 14ന് റമ്പാൻ സ്ഥാനവും, 1996 ഒക്ടോബറിൽ മെത്രാൻ സ്ഥാനവും ലഭിച്ചു. പല രാജ്യാന്തര സമ്മേളനങ്ങളിലും പങ്കെടുത്തിട്ടുണ്ട്. ജീവകാരുണ്യ പ്രവർത്തനങ്ങളിൽ പ്രത്യേകം തൽപ്പരനായിരുന്നു. മലങ്കരസഭയിലെ കോർപ്പറേറ്റ് കോളജുകളുടെ മാനേജർ, ഇന്റർ ചർച്ച് റിലേഷൻസ് കമ്മറ്റി പ്രസിഡണ്ട് മുതലായ ഉത്തരവാദിത്തങ്ങൾ ഏറ്റെടുത്തിരുന്നു. ജനത്തെയും, സഭയേയും ഒരേസമയം സ്നേഹിക്കാൻ ശ്രമിച്ചിരുന്നു. നന്മയ്ക്കും തിന്മയ്ക്കും ഇടയിലുള്ള ഒത്തുതീർപ്പു സാദ്ധ്യതകൾക്കുവേണ്ടി ഒരിക്കലും ശ്രമിച്ചിരുന്നില്ല. ദൈവത്തിന്റെ വിളികേട്ടുതന്നെയാണ് റയിൽവേജോലി ഉപേക്ഷിച്ച് സഭാപ്രവർത്തനരംഗത്തേക്കു കടന്നുവന്നത്. വൈദികനാകുന്നതിനു മുമ്പുതന്നെ വിദ്യാർത്ഥിപ്രസ്ഥാനവുമായും, എക്യുമെനിക്കൽ പ്രസ്ഥാനവുമായും മറ്റും ബന്ധപ്പെട്ടിരുന്നു. ആലുവ യു.സി. കോളജിൽ ഒപ്പമുണ്ടായിരുന്ന ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്ത ഉറ്റ സുഹൃത്തായിരുന്നു. തടാകം ആശ്രമത്തിലെ ബിഷപ്പ് പെക്കൻഹാംവാൽഷിന്റെ ഉപദേശവും, വാൽഷുമായുള്ള ബന്ധവും ഫിലിപ്പോസ് തോമസെന്ന വ്യക്തിയുടെ ജീവിതത്തെ മാറ്റിമറിച്ചു എന്നുവേണം കരുതാൻ. ക്രിസ്തുവിനുവേണ്ടി ജീവിക്കുവാനുള്ള തയ്യാറെടുപ്പിനു തുടക്കമിട്ടത് വാൽഷിനെ കണ്ടതിനുശേഷമാണ്. ഫിലിപ്പോസ് തോമസെന്ന തടാകം ആശ്രമത്തിന്റെ ആയുഷ്ക്കാല അംഗം, ഏകദേശം നാലു ശതാബ്ദങ്ങൾക്കുശേഷം ആശ്രമത്തിന്റെ വിസിറ്റർ മെത്രാപ്പോലീത്തയായി.

*(ശേഷം പേജ് 2ൽ)*

# നന്ദി, നന്ദി..

ഈ ഇടവകാംഗങ്ങളുടെ സ്വപ്ന സാക്ഷാത്ക്കാരം എന്നുവിശേഷിപ്പിക്കാവുന്ന ഒരു സംരംഭത്തിന്റെ ആദ്യപടി പൂർത്തീകരിക്കപ്പെട്ടു എന്ന് സസന്തോഷം ഏവരേയും അറിയിക്കുകയും, അതോടൊപ്പം ഇന്നോളം നമുക്ക് പരിശുദ്ധ ദൈവമാതാവ് കനിഞ്ഞുതന്ന അനുഗ്രഹങ്ങൾക്കായി നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്നു. 2008-ാമാണ്ട് പെന്തക്കോസ്തി നാളിൽ ഇടവക വികസന പദ്ധതി പ്രഖ്യാപിച്ച്, ഇടവകാംഗങ്ങളിൽ നിന്നും സംഭാവനകൾ ഏറ്റുവാങ്ങി പള്ളിയോടുചേർന്ന് കിഴക്കു ഭാഗത്ത് 20 സെന്റു സ്ഥലം വാങ്ങിക്കുവാനുള്ള തീരുമാനം 2009-ാമാണ്ട് ജനുവരി മാസം 29 ന് പൂവണിഞ്ഞു എന്നതിൽ ഈ ഇടവകയ്ക്ക് അഭിമാനിക്കാം. ഈ സംരംഭത്തിൽ പങ്കാളികളായ ഈ ഇടവകയിലെ എല്ലാ അംഗങ്ങളോടും, ഈ സദുദ്യമത്തിൽ സഹകരിച്ച എല്ലാ അഭ്യുദയാകാംക്ഷികളോടും ഉള്ള വിധേയത്വവും നന്ദിയും അറിയിക്കുകയും ചെയ്യുന്നു.

പുതിയ ഓഡിറ്റോറിയവും മറ്റും ഈ സ്ഥലത്തു പണിയാനുള്ള പ്ലാനും എല്ലാം തയ്യാറായിക്കഴിഞ്ഞിട്ടുണ്ട്. ഏവരും പ്രാർത്ഥനാപൂർവ്വം സഹകരിക്കുമല്ലോ.

## വികാരിയുടെ കത്ത്

# യേശുവിന്റെ നിഴലായ പ്രവാചകൻ മോശ

**കർത്താവിൽ പ്രിയരേ,**

നിങ്ങൾക്കെല്ലാവർക്കും നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ധന്യ നാമത്തിൽ സ്നേഹ വന്ദനം. ഇന്ന് നമുക്ക് മോശയെക്കുറിച്ചു ചിന്തിക്കാം. പഴയനിയമപുസ്തകങ്ങളായ പഞ്ചഗ്രന്ഥങ്ങളുടെ കർത്താവായ മോശ യിസ്രായേലിനെ മിസ്രയിം ദേശത്തുനിന്ന് വിടുവിച്ച്, ചെങ്കടൽ കടത്തി, സീനായ് മലയിൽവച്ച് ദൈവത്തിൽനിന്നു 10 കൽപ്പനകൾ പ്രാപിച്ച്, ദൈവതേജസിറങ്ങിവരുന്ന സമാഗമന കൂടാരം നിർമ്മിച്ച്, ജനത്തെ വാഗ്ദത്തനാടായ കനാനിലേക്കുള്ള യാത്രയിൽ നേതൃത്വം നൽകി, മോവാബ്യസ മരുഭൂമിയിൽ വച്ച് മരിച്ചു. ദൈവം തന്നെ മോശയുടെ ശവമടക്കി. പുതിയനിയമത്തിൽ മറുരൂപമലയിൽ നമ്മുടെ കർത്താവ് രൂപാന്തരപ്പെട്ട് നിൽക്കുമ്പോൾ മോശയും, ഏലിയാവും കർത്താവിനോടുകൂടെ തേജസ്കരിക്കപ്പെട്ടു നിൽക്കുന്ന കാര്യവും തിരുവചനം നമ്മേ പഠിപ്പിക്കുന്നു (മത്താ 17:2–3). യഹോവ അഭിമുഖമായി അറിഞ്ഞ മോശയെപ്പോലെ ഒരു പ്രവാചകൻ യിസ്രായേലിൽ പിന്നെ ഉണ്ടായിട്ടില്ല (ആവ 34:12). എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങൾക്ക് എഴുന്നേൽപ്പിച്ചു തരും എന്നു പറഞ്ഞവൻ ഇവൻതന്നെയെന്ന് മോശെയെക്കുറിച്ചു പറയുന്നു(അ.പ്ര. 7:37). കാരണം യേശുക്രിസ്തുവിന്റെ നിഴലായ പ്രവാചകനാണ് മോശ.

1. വിളിയും തിരഞ്ഞെടുപ്പും പ്രാപിച്ച വ്യക്തിയായിരുന്നു മോശ (എബ്ര 11:24–25)

വിശ്വാസത്താൽ മോശ വളർന്നപ്പോൾ പാപത്തിന്റെ താൽക്കാലിക ഭോഗത്തേക്കാളും ദൈവജനത്തോടുകൂടെ കഷ്ടം അനുഭവിക്കുന്നത് തിരഞ്ഞെടുത്തു. മിസ്രയിമിലെ ധനത്തേക്കാൾ ക്രിസ്തുവിന്റെ നിന്ദ വലിയ ധനം എന്നെണ്ണി ഫറവോന്റെ മകളുടെ മകനായി മിസ്രയിമിലെ സകല വിദ്യയും പഠിച്ച് അടുത്ത ഫറവോനാകാൻ എല്ലാ സാദ്ധ്യതയുമുള്ള മോശ ക്രിസ്തുവിന്റെ നിന്ദ – മിസ്രയിമിലെ രാജാധികാരത്തെക്കാൾ വിലയുള്ളതായി കണ്ടു.

2. മോശ അതിസൗമ്യനായിരുന്നു (സംഖ്യ 12:3)

വേദപുസ്തകം പറയുന്നു മോശ ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതിസൗമ്യനായിരുന്നു. കർത്താവായ യേശു പറഞ്ഞു ഞാൻ സൗമ്യതയും താഴ്ചയുമുള്ളവനാകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോടു പഠിപ്പിൻ. (മത്താ 11:29) സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ. അവർ ഭൂമിയെ അവകാശമാക്കും. (മാത്യു 5:5)

3. ജനമെല്ലാം പ്രവാചകന്മാരകട്ടേ എന്ന് ആഗ്രഹിച്ച ഹൃദയവിശാലതയുള്ള മോശ. (സംഖ്യ 11:29)

മോശ മൂപ്പൻമാരിൽ 70 പേരെ കൂടി സമാഗമന കൂടാരത്തിന്റെ ചുറ്റിലും നിർത്തി. അപ്പോൾ യഹോവയായ ദൈവം അവിടെ ഇറങ്ങിവന്നു മോശമേലുണ്ടായിരുന്ന ആത്മാവിൽ കുറെയെടുത്ത് 70 പേർക്കു കൊടുത്തു. അവരും പ്രവചിച്ചു. എന്നാൽ രണ്ടു പുരുഷന്മാർ കൂടാരത്തിൽ വരാതെ പാളയത്തിൽ താമസിച്ചു. അവരുടെ മേലും ആത്മാവുവന്നു. അവരും പ്രവചിച്ചു. ഇതുകണ്ട നൂന്റെ മകനായ യോശുവ, മോശയുടെ കൈക്ക് വെള്ളമൊഴിച്ചുകൊടുത്ത യോശുവ പറയുന്നു. അവർ കൂടാരത്തിൽ വരാതിരുന്നതിനാൽ അവരെ വിരോധിക്കണം എന്ന്. എന്നാൽ, ഈ 72 പേർ മാത്രമല്ല, ഈ ജനമെല്ലാം പ്രവചിക്കണം എന്ന് മോശ ആഗ്രഹിക്കുന്നു – എത്ര ഉന്നതമായ സ്വഭാവം!

4. അവൻ എന്റെ ഗൃഹത്തിലെല്ലാം വിശ്വസ്തൻ (സംഖ്യ 12:7).

സങ്കീർത്തനക്കാരൻ പറയുന്നു. വിശ്വസ്തൻമാർ ഭൂമിയിൽ ഇല്ലാതെപോകുന്നു. മനുഷ്യരിൽ വിശ്വസ്തൻമാർ ചുരുക്കം. നല്ലവനും വിശ്വസ്തനുമായ ദാസനെ നീ അല്പത്തിൽ വിശ്വസ്തനായതിനാൽ ഞാൻ നിന്നെ അധികത്തിനു വിചാരകനാക്കും. എന്റെ പിതാവിന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക എന്ന് നല്ല ദാസനോട് കർത്താവു പറഞ്ഞു.

5. നല്ല മദ്ധ്യസ്ഥൻ– ഈ ജനത്തിന്റെ അകൃത്യം ക്ഷമിക്കേണമേ (സംഖ്യ 14:19).

യിസ്രയേൽ മക്കൾ യഹോവയ്ക്കു വിരോധമായി പ്രവർത്തിച്ചപ്പോൾ ദൈവം മരുഭൂമിയിൽ അവരെ നശിപ്പിച്ചുകളയാൻ തീരുമാനിച്ചു മോശയോടുപറഞ്ഞു. നിന്നെ ഞാൻ വലിയജാതിയാക്കും. നിന്നെ ഉയർത്തും. എന്നാൽ മോശ ദൈവമുമ്പാകെ കവിണ്ണുവീണു. ജനത്തിനുവേണ്ടി മദ്ധ്യസ്ഥതയ്ക്കായിരന്നു. ജനത്തെ ദൈവകോപത്തിൽ നിന്നും വിടുവിക്കുന്ന നമ്മുടെ കർത്താവാണ് നമ്മുടെ മദ്ധ്യസ്ഥൻ. യേശുവാണ് നമുക്കുവേണ്ടി പിതാവിന്റെ അടുക്കൽ മദ്ധ്യസ്ഥനായി നിൽക്കുന്നത്.

6. സകല കല്പനകളും അനുസരിക്കുന്നവൻ.

കർത്താവു പറഞ്ഞു എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം അനുസരിക്കും. യോഹന്നാനപ്പോസ്തലൻ പറയുന്നു. കർത്താവിനെ അറിയും എന്നുപറയുകയും അവന്റെ കല്പനകളെ അനുസരിക്കാതെയും ഇരിക്കുന്നവൻ കള്ളനാകുന്നു. (1 യോഹ 2:4).

7. പ്രശ്നപരിഹാരം വരുത്തുന്നത് ദൈവഹിത പ്രകാരം (സംഖ്യ 20:6).

8. പിൻഗാമിയെ വാഴിക്കാൻ ജനത്തോടും ദൈവത്തോടും പറഞ്ഞു (സംഖ്യ 2 7:16).

യിസ്രായേൽ ജനതയെ കാനാനിലെത്തിക്കുവാൻ യേശുവയെ ചുമതലപ്പെടുത്തി വാഴിച്ചു.

9. യഹോവയുടെ വചനപ്രകാരം മോവാബിൽ ബേത്ത് – പെയോരിനെതിരെയുള്ള താഴ്വരയിൽ മോശയെ ദൈവം അടക്കി.

10. താബോറിൽ മോശയും ഏലിയാവും യേശുവിനോടൊപ്പം വെളിപ്പെട്ടു (മത്താ 17:3).

വീണ്ടും ജനനം പ്രാപിച്ച് ദൈവകല്പനകളെ അനുസരിച്ച് വിശുദ്ധജീവിതം നയിച്ച് വിശ്വാസത്തിൽ മരിക്കുന്ന ഒരു വ്യക്തിക്ക് ഒരു നല്ല പുനരുദ്ധാനം ഉണ്ട്. കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടു കൂടെ സ്വർഗ്ഗത്തിൽ നിന്നു വരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയർത്തെഴുന്നേൽക്കുകയും ചെയ്യും (1 തെസ 4:16). നാം രൂപാന്തരപ്പെട്ട് മേഘങ്ങളിൽ എടുക്കപ്പെടും. ഈ പ്രത്യാശയോടും ഉറപ്പോടും കൂടെ ജീവിപ്പാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്,

*നിങ്ങളുടെ ഇടമ്പാടത്തച്ചൻ*

*(1–ാം പേജിൽ നിന്നും തുടർച്ച..)*

സഭയുടെ ഒട്ടേറെ സ്ഥാപനങ്ങളുടെയും, പ്രസ്ഥാനങ്ങളുടെയും അമരക്കാരനായി യൗസേബിയോസ് മെത്രാപ്പോലീത്ത നിയമിതനായിരുന്നു. അംഗീകാരത്തിനുവേണ്ടി അദ്ദേഹം ഓടിനടന്നിരുന്നില്ല. ക്രിസ്തുസഭയ്ക്കുവേണ്ടി തനിക്കു ചെയ്യാവുന്ന കടമകൾ എങ്ങനെ ഭംഗിയായി നിർവ്വഹിക്കാൻ കഴിയും എന്ന ചോദ്യമായിരുന്നു യൗസേബിയോസ് തിരുമേനിയെ എന്നും മുൻപോട്ടു നയിച്ചിരുന്നത്.

ഇങ്ങനെയുള്ള സവിശേഷതകൾകൊണ്ട് അദ്ദേഹത്തിന്റെ സാന്നിദ്ധ്യവും വാക്കുകളും എന്നും കൂടെയുള്ളവർക്ക് വലിയ പ്രചോദനമായിരുന്നു. ആചാരങ്ങളിൽ മാത്രം ഒതുങ്ങി, മനുഷ്യരെ സ്നേഹിക്കുവാൻ സമയം കണ്ടെത്താത്ത ഇന്നത്തെ പലസഭാതലവന്മാരുടെയും ഇടയിൽ വേറിട്ടു നിന്നു കടന്നുപോയ മാർ യൗസേബിയോസിനു വേണ്ടി നമുക്കും പ്രാർത്ഥിക്കാം.

## *Enroute to his exalted office...*



*നമ്മുടെ ഇടവകാംഗമായ ശ്രീ. സുരേന്ദ്ര മോഹൻ, ഹൈക്കോടതി ജഡ്ജിയായി ചുമതലയേൽക്കുന്നതിനു മുമ്പ് സെ. മേരീസ് കത്തീഡ്രൽ സന്ദർശിച്ചപ്പോൾ, ട്രസ്റ്റി ശ്രീ. കെ.കെ. ജോർജ്ജ് പൂച്ചെണ്ടു നൽകി സ്വീകരിക്കുന്നു.*

ധ്യാന നിമിഷങ്ങൾ

# പ്രാർത്ഥന ഒരു പ്രവൃത്തിയാണ്

ഫാ. റ്റി. ജെ. ജോഷ്വ

പതിനഞ്ചു വയസ്സുവരെ ഉത്സാഹത്തോടും ഊർജ്ജസ്വലതയോടും കൂടി ജീവിച്ച ഒരു പെൺകുട്ടിക്കു പെട്ടെന്നാണ് രോഗത്തിന്റെ മാറ്റങ്ങൾ വന്നുപെട്ടത്. താളം തെറ്റുന്ന പാദ ചലനങ്ങൾ ഇടറിവീഴാൻ ഇടയാക്കി. കൈകളിലെ മാംസപേശികൾ വലിഞ്ഞ് വിരലുകൾ വളഞ്ഞ് ശ്വാസോച്ഛ്വാസം തന്നെ പ്രയാസത്തിലാക്കി. പല ഡോക്ടർ മാരെയും കാണിച്ചു. പരിശോധനകൾ പലതു നടത്തി. അവസാനം ഒരു വിദഗ്ദ്ധഡോക്ടർ വിധിയെഴുതി. ഇതു മൾട്ടിപ്പിൾ സ്ക്ലീറോസിസ് ആണ്. തലച്ചോറിനും നാഡീവ്യൂഹത്തിനും അനുക്രമം ക്ഷയം സംഭവിച്ചുകൊണ്ടിരുന്ന രോഗം. അതിനു ചികിത്സയൊന്നുമില്ല. അതുക്രമേണ മൂർഛിച്ചു മരണത്തിൽ കലാശിക്കും. കൈകാലുകൾ ക്കു ശക്തിയില്ലാതായി. തലച്ചോറിൽ നിന്നുള്ള നിർദ്ദേശം നാഡീവ്യൂഹത്തിൽകൂടി ഓരോ അവയവത്തിലേക്കും എത്താൻ കഴിയാത്തതുമൂലം എല്ലാ അവയവങ്ങളും കുഴപ്പത്തിലായി. മലമൂത്രവിസർജ്ജനം പോലും വലിയ പ്രശ്നമായിത്തീർന്നു.

ബാർബറാ എന്ന ഈ പെൺകുട്ടി കടുത്ത നിരാശയിലും മാനസികമായ തകർച്ചയിലും എത്തി. ഡോക്ടർമാർ കൈവെടിഞ്ഞപ്പോൾ ഇടവകവൈദികന്റെ സഹായം അവൾക്കു ലഭിച്ചു. ആശ്വാസവാക്കുകളും പ്രത്യാശയും പ്രതീക്ഷയും ഉണർത്തുന്ന ചിന്തകളും അദ്ദേഹത്തിൽനിന്നു ലഭിച്ചു. ഉപേക്ഷിച്ച ദൈവത്തെ സമ്പൂർണ്ണമായി ആശ്രയിക്കുവാൻ അവൾ തീരുമാനിച്ചു. പ്രാർത്ഥനയുടെ ശക്തി എന്തെന്നു കണ്ടുപിടിക്കുവാൻ അവൾ ഒരുമ്പെട്ടു. അവൾ കിടക്കയിൽ കിടന്നു ദൈവത്തെ വിളിച്ചു പ്രാർത്ഥിച്ചു. എനിക്കു പ്രവർത്തിക്കുവാനുള്ള ശക്തി തരേണമേ. അതായിരുന്നു അവളുടെ മുട്ടിപ്പായ പ്രാർത്ഥന.

അവൾ ഒരു അശരീരി കേട്ടു. പ്രാർത്ഥന ഒരു പ്രവർത്തിയാണ്. അതിൽ നീ തുടരുക. പ്രത്യേകിച്ചും മറ്റുള്ളവരെ ഓർത്തു നീ പ്രാർത്ഥിക്കുക. അവൾക്ക് അത് പുതിയ ഉന്മേഷമുളവാക്കി. പ്രാർത്ഥന ഒരു യജ്ഞമായി അവൾ ഏറ്റെടുത്തു. ഒരു സ്നേഹിതനോടെന്നപോലെ ഹൃദയംതുറന്ന് ഉച്ചസ്വരത്തിൽ അവൾ ദൈവത്തോടു പ്രാർത്ഥിച്ചു. അതു ചിലപ്പോൾ മണിക്കൂറുകളോളം നീണ്ടു. അവളുടെ ദയനീയമായ രോഗാവസ്ഥയെപ്പറ്റി കേട്ടും കണ്ടും അറിഞ്ഞും അനേകർ അവൾക്കുവേണ്ടി പ്രാർത്ഥിക്കുവാൻ മുന്നോട്ടുവന്നു. ഇടവകയിലെ ജനങ്ങളും ബന്ധുമിത്രാദികളുമായ അനേകരുടെ ഒരു പ്രാർത്ഥനാശൃംഖല തന്നെ രൂപംകൊണ്ടു.

ഒരു ഞായറാഴ്ച അവളുടെ മൂന്നു സുഹൃത്തുക്കൾ അവളെ സന്ദർശിച്ച് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു അപ്പോൾ നാലാമതൊരാളുടെ ശബ്ദം അവൾ കേട്ടു. എന്റെ മകളേ, നീ എഴുന്നേറ്റു നടക്കുക. ആശ്ചര്യവും വിസ്മയവും അനുഭവപ്പെട്ടു. അതു ദൈവശബ്ദമെന്ന് അവൾ തിരിച്ചറിഞ്ഞു. ആ കല്പനപ്രകാരം ഉപയോഗക്ഷമമല്ലാത്ത അവളുടെ പാദങ്ങൾ നിലത്തൂന്നി എഴുന്നേൽക്കാൻ ശ്രമിച്ചു. അത്ഭുതം തന്നെ. അവൾ എഴുന്നേറ്റു നടക്കാൻ തുടങ്ങി. മുമ്പുണ്ടായിരുന്ന ശ്വാസതടസം നീങ്ങിയതുപോലെ. അപ്പോൾ ശരീരത്തിൽ ഘടിപ്പിച്ചിരുന്ന യന്ത്രസംവിധാനങ്ങളൊക്കെ അഴിച്ചുമാറ്റി. അവൾ നടന്ന് അടുക്കളയിലെത്തിയപ്പോൾ പ്രിയപ്പെട്ട മാതാവിനു വിശ്വസിക്കാൻ കഴിയാത്ത കാഴ്ച! അന്നു വൈകുന്നേരത്തെ ആരാധനയ്ക്ക് അവൾ മാതാപിതാക്കളോടും സുഹൃത്തുക്കളോടും ഒപ്പം ദേവാലയത്തിൽ എത്തി. അവളെ കണ്ടപ്പോൾ വൈദികനു തന്നെ അവിശ്വസനീയമായിത്തോന്നി. അവളുടെ അനുഭവം മറ്റുള്ളവരെ അറിയിക്കുവാൻ വൈദികൻ അവളോട് ആവശ്യപ്പെട്ടു.

ഈ സംഭവം നടന്നിട്ട് ഇപ്പോൾ പതിനഞ്ചു വർഷത്തിലധികമായി. ഇത്തരം അനുഭവങ്ങളെപ്പറ്റി റിപ്പോർട്ടുചെയ്യുന്ന ഒരു പ്രസിദ്ധീകരണത്തിൽ ഇതു വായിച്ചപ്പോൾ അനുവാചകരുമായി പങ്കുവയ്ക്കുന്നത് ഉചിതമെന്നു തോന്നി. മാറാത്ത രോഗങ്ങളുമായി മല്ലിട്ടു കഴിയുന്നവർക്കും ജീവിതത്തിൽ കയ്പ്പേറിയ അനുഭവങ്ങളിൽക്കൂടി കടന്നുപോകുന്നവർക്കും ഇതു വളരെ പ്രചോദനം നൽകാതിരിക്കയില്ല.

ഭൗതികത്വവും ശാസ്ത്രചിന്തയും യുക്തിബോധവും തേർവാഴ്ച നടത്തുന്ന നമ്മുടെ ഇന്നത്തെ സമൂഹത്തിൽ മനുഷ്യബുദ്ധിക്കും ഭാവനയ്ക്കും അതീതമായി വ്യാപരിക്കുന്ന ദൈവകൃപയെപ്പറ്റി മനസ്സിലാക്കുവാൻ ഈ കഥ ഉപകരിക്കുന്നു. ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല എന്ന വസ്തുത ഈ സംഭവം നമ്മെ ബോധ്യപ്പെടുത്തുന്നു.

പ്രാർത്ഥനയുടെ രണ്ടു മൗലിക സത്യങ്ങൾ ഇവിടെ തെളിഞ്ഞുവരുന്നു. ഒന്ന് പ്രാർത്ഥന നിഷ്ക്രിയത്വമല്ല, അതൊരു പ്രവർത്തിയാണ്. മനസ്സിന്റെയും, ആത്മാവിന്റെയും തീവ്രമായ പ്രവർത്തനം ശാരീരികാവസ്ഥ അപ്രധാനമാണ്. രണ്ട്, പ്രാർത്ഥന സ്വാർത്ഥപൂരിതമാകരുത്. തന്നിലേക്കുതന്നെ ഒതുങ്ങി സ്വന്തം കാര്യങ്ങളെക്കുറിച്ചുമാത്രം ഓർത്തു പ്രലപിക്കുന്നവരും അപേക്ഷിക്കുന്നവരുമുണ്ട്. എന്നാൽ സ്വയത്തിൽ നിന്നു വിമുക്തമായി മറ്റുള്ളവരിലേക്കു നമ്മുടെ താല്പര്യവും ചിന്തയും തിരിയുമ്പോൾ പ്രാർത്ഥന നിസ്വാർത്ഥമായിത്തീരുന്നു. അതു നമ്മിൽ സ്നേഹവും സഹാനുഭൂതിയും വളർത്തുക മാത്രമല്ല, നമ്മുടെ അവസ്ഥയ്ക്കു തന്നെ മാറ്റം വരുത്തുകയും ചെയ്യും.

## വിദ്യാർത്ഥി പ്രസ്ഥാനം

ബാലികാബാലന്മാരുടെ ആത്മീയ വളർച്ചയിൽ മുതിർന്നവരായ പള്ളിഭരണകർത്താക്കൾ എന്തുമാത്രം ശുഷ്കാന്തിയുള്ളവരാണ്? ഇങ്ങനെയുള്ള ശിശുവിനെ എന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു (മത്താ 18:5) എന്നും, നിങ്ങൾ തിരിഞ്ഞ് ഈ ശിശുവിനെപ്പോലെയാകുന്നില്ലെങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല എന്നും അരുളിച്ചെയ്ത കർത്താവ് ശിശുക്കൾക്ക് എന്തുമാത്രം പ്രാധാന്യം നൽകിയിരുന്നു എന്ന് മനസ്സിലാക്കണം.

ഒരു ആട്ടിടയനോട് ഒരിക്കൽ ഒരു സ്നേഹിതൻ ചോദിച്ചു. നിങ്ങളുടെ ആടുകളെല്ലാം എന്തുകൊണ്ടാണ് ഇത്ര ആരോഗ്യമുള്ളതായിരിക്കുന്നത്. ആട്ടിടയന്റെ ഉത്തരം വളരെ ലളിതമായിരുന്നു. ഞാൻ ആട്ടിൻകുട്ടികളെ വളരെ ശ്രദ്ധയോടെ പരിചരിക്കുന്നതുകൊണ്ടാണത്. നമ്മുടെ കുട്ടികളുടെ കാര്യവും ഇങ്ങനെതന്നെയാണ്. അവരുടെ സ്വഭാവം കരുപ്പിടിപ്പിക്കാൻ ബാലന്മാരായിരിക്കുമ്പോൾ മാത്രമേ സാധിക്കുകയുള്ളൂ.

സുവിശേഷകൻ ഡി.എൽ. മൂഡിക്ക് ഇതു ബോധ്യമായിരുന്നതിനാൽ അദ്ദേഹത്തിന്റെ പ്രസംഗസ്ഥലങ്ങളിൽ കുട്ടികൾക്ക് പ്രത്യേക സൗകര്യങ്ങൾ കൊടുത്തിരുന്നു. കോളറാഡോയിൽ ഡെൻവർ എന്ന സ്ഥലത്തു നടത്തിയ യോഗത്തിൽ ഇരിപ്പിടങ്ങൾ കുറവായിരുന്നതിനാൽ പോൾ എന്ന ബാലന് അകത്തുകടക്കുവാൻ അനുവാദം കിട്ടിയില്ല. കരഞ്ഞുകൊണ്ട് വെളിയിൽനിന്ന ആ ബാലനെ സുവിശേഷകൻ കണ്ട്, അകത്തുവിളിച്ച് അദ്ദേഹത്തിന്റെ കൂടെ പ്ലാറ്റ്ഫോമിൽ ഇരുത്തുകയും, അമേരിക്കയിൽ ഏറ്റവും നല്ല നിലയിൽ വളർന്നുവരുവാൻ അവനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്തു. മൂഡിയുടെ കരുതലിൽ ആകൃഷ്ടനായ പോൾ അദ്ദേഹത്തിന്റെ പ്രസംഗം മുഴുവൻ ശ്രദ്ധിച്ചുകേട്ടു. ഈ ബാലനായിരുന്നു പിൽക്കാലത്ത് പോൾ റേഡർ എന്ന പേരിൽ പ്രശസ്തനായതും അനേകരെ സുവിശേഷത്തിലൂടെയും, റേഡിയോ പ്രഭാഷണങ്ങളിലൂടെയും ക്രിസ്തുവിലേക്ക് ആകർഷിച്ചതും.

ജീവിതമാകുന്ന വൃക്ഷം സ്വർഗ്ഗത്തിലേക്ക് വളരണമെങ്കിൽ, യുവത്വത്തിന്റെ ഇളംചില്ലകളെ യേശുവിലേക്ക് ചായിക്കണം എന്നു പറയാറുണ്ട്. പള്ളിയോടനുബന്ധിച്ചുള്ള വിദ്യാർത്ഥി പ്രസ്ഥാനം കൂടുതൽ ശ്രദ്ധ നേടേണ്ടിയിരിക്കുന്നു.

# ഇടവക വികസനം

**മാമ്മൻ കോശി**

സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗങ്ങളുടെ ഒരു ദീർഘകാല സ്വപ്നം പൂവണിഞ്ഞു. വി. ദൈവമാതാവിന്റെയും, പ. പരുമല പുണ്യവാളന്റെയും മദ്ധ്യസ്ഥതയാൽ സർവ്വശക്തനായ ദൈവത്തിന്റെ കൃപയും കരുണയും കൊണ്ട് യാഥാർത്ഥ്യമായ ഒരു സ്വപ്ന സാക്ഷാൽക്കാരം. പള്ളിയോട് ചേർന്ന് പള്ളിയുടെ കിഴക്കുവശത്ത് 20 സെന്റ് സ്ഥലം ഇടവകയുടെ പേരിൽ വാങ്ങാനായ സ്വപ്നതുല്യമായ യാഥാർത്ഥ്യം.

80 വർഷത്തെ ഇടവകയുടെ ചരിത്രത്തിൽ എത്രയോ സ്ഥലങ്ങളിൽ നാം ചാപ്പലുകളും മറ്റും പണിതു. എന്നാൽ അതൊക്കെയും (എളംകുളം സെമിത്തേരി ചാപ്പൽ ഒഴികെ) പൊതുയോഗതീരുമാനങ്ങളനുസരിച്ച് നമ്മുടെ സഹോദരങ്ങൾക്ക് നൽകുന്നതിൽ നമ്മൾ സഹകരിച്ചു. ഈ കാലമത്രയും മറ്റുള്ളവർ നമ്മോടു ചോദിച്ചു. നിങ്ങൾ എന്തു നേടി? നിങ്ങൾ എന്തു ചെയ്തു?. ചെയ്തതൊന്നും കാണാൻ ചോദ്യകർത്താക്കൾക്കു സാധിച്ചില്ല. (എല്ലാവരും ആഗ്രഹിക്കുന്നത് ഭൗതിക നേട്ടങ്ങളാണല്ലോ!) അതുകൊണ്ട് തൻകൈ തനിക്കു താങ്ങ് എന്ന യാഥാർത്ഥ്യം ഇപ്പോൾ ഈ ഇടവക ഉൾക്കൊള്ളേണ്ടിവന്നു,

27/4/2008-ൽ കൂടിയ പൊതുയോഗത്തിൽ പള്ളിയുടെ കിഴക്കുവശത്തുള്ള 20 സെന്റ് സ്ഥലം വാങ്ങാൻ തീരുമാനിക്കുകയും, ആയതിന് ഇടവക മെത്രാപ്പോലീത്തയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. വികസനത്തിന് വഴിമുട്ടിനിന്നിരുന്ന നമ്മുടെ ഇടവകയ്ക്ക് വികസനാവശ്യത്തിനായി ദൈവം കാണിച്ചു തന്ന ഒരു വലിയ മാർഗ്ഗമാണിതെ ന്ന സത്യം ഇടവകാംഗങ്ങൾ ഉൾക്കൊണ്ടു. രണ്ടര കോടിയിലധികം തുക സമാഹരിച്ചാൽ മാത്രം യാഥാർത്ഥ്യമാകുന്ന ഈ സ്വപ്നം സാക്ഷാൽക്കരിക്കുന്നതിന് ഇടവകാംഗങ്ങൾ ആത്മാർത്ഥമായി സഹകരിച്ചു. വിധവയുടെ ചില്ലിക്കാശു മുതൽ ഈ സംരംഭത്തിലേക്കായി ഒഴുകിയെത്തി. നൂറും, ആയിരങ്ങളും, പതിനായിരങ്ങളും, ലക്ഷങ്ങളും ഇടവകാംഗങ്ങൾ സംഭാവനചെയ്തു. പോക്കറ്റ് മണിയായി ലഭിച്ച തന്റെ സമ്പാദ്യം പോലും ഈ സംരംഭത്തിലേക്ക് സംഭാവനചെയ്തു മാതൃക കാട്ടിയ നമ്മുടെ പിഞ്ചോമനകൾ വരെ ഇതിൽ ഭാഗഭാക്കുകളായി. ഈ ഇടവകയിൽ ഇപ്പോൾ അംഗങ്ങളല്ലാത്ത നമ്മുടെ പൂർവ്വകാല സഹോദരങ്ങൾ പോലും അകമഴിഞ്ഞു സഹകരിച്ചു.

എന്തിനേറെ, ഒരു ദീർഘകാല സ്വപ്നത്തിന്റെ യാഥാർത്ഥ്യം 29-01-09 ൽ പൂർത്തിയായി. 20 സെന്റ് സ്ഥലം ഇടവകയുടെ പേരിൽ ഈ ദിവസം ആധാരമാക്കുന്നതിന് നമുക്ക് സാധിച്ചു. ബാധ്യതകൾ ഉണ്ടെങ്കിലും അത് വരുംകാലങ്ങളിൽ തീർക്കാൻ നമുക്ക് സാധിക്കും. പലരിൽ നിന്നും നാം പണം കടം വാങ്ങിയിട്ടുണ്ട്. അതെല്ലാം തിരികെ നൽകാൻ നാം ബാദ്ധ്യസ്ഥരാണ്. അതുകൊണ്ടുതന്നെ, ഓഫർ ചെയ്തിട്ടുള്ള തുക വീഴ്ചകൂടാതെ പള്ളിയിൽ ഏൽപ്പിക്കാൻ മറക്കരുത്.

ഈ സംരംഭം വിജയപ്രദമാക്കുന്നതിന് യത്നിച്ചവർ അനേകരുണ്ട്. ആരുടെയും പേരുകൾ ചേർക്കുന്നില്ല. എന്നാൽ ഈ അവസരത്തിൽ ആളുകളെ നയിക്കാൻ ദൈവം നിയോഗിച്ച നല്ല രണ്ട് ഇടയന്മാർ നമുക്കുണ്ടായിരുന്നു. വികാരി ബഹു. ഏബ്രഹാം ഇടമ്പാടത്തച്ചനും, സ. വികാരി. ബഹു ഷിബു ജോസച്ചനും. അവരുടെ സേവനങ്ങളും സഹകരണങ്ങളും ഈ സംരംഭത്തിന്റെ വിജയത്തിന് എത്രമാത്രം പ്രയോജനപ്രദമായിരുന്നുവെന്ന് പറഞ്ഞറിയിക്കാൻ സാധിക്കുകയില്ല. ഒറ്റവാക്കിൽ പറയട്ടെ, നന്ദി. കൃതജ്ഞതയോടെ നിങ്ങളെ ഈ അവസരത്തിൽ സ്മരിക്കുന്നു. അതോടൊപ്പം കത്തീഡ്രൽ മാനേജിങ് കമ്മറ്റി, വിവിധ കമ്മറ്റികളുടെ അംഗങ്ങൾ എന്നിവരും അഭിനന്ദനങ്ങൾ അർഹിക്കുന്നു. നിയമോപദേശങ്ങൾ നൽകിയിട്ടുള്ളവരെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

കാലം ചെയ്ത ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ ഒരു ഉദ്ധരണി ഇവിടെ ചേർക്കുന്നു. ഈ വിശുദ്ധ ദേവാലയത്തിൽ (സെന്റ് മേരീസ് പള്ളിയെക്കുറിച്ച്) വന്ന് വി. ദൈവമാതാവിനോട് കൈമലർത്തി യാചിക്കുന്നവർക്കെല്ലാം അമ്മ കൈനിറയെ നൽകിയിട്ടേയുള്ളൂ. അതേ പിതാവേ! അതാണ് സത്യം. ഒന്നുമില്ലായ്മയിൽ നിന്നും ആരംഭിച്ച ഈ ഇടവകയിലെ മക്കൾക്ക് ആ സത്യം എന്നുമറിയാം. പ. അമ്മയ്ക്കായി, എന്തും, ഏതു സമയത്തും, എപ്പോഴും ചെയ്യാൻ ഈ മക്കൾ സദാ സന്നദ്ധരാണ്. അതിനുള്ള സന്മനസും ഈ മക്കൾക്കുണ്ട്. അതിന്റെ പൂർത്തീകരണമാണല്ലോ ഈ സ്വപ്നയാഥാർത്ഥ്യം.

സർവ്വശക്തനായ ദൈവത്തിലും പ. ദൈവമാതാവിലും നമുക്ക് കൂടുതൽ ശരണപ്പെടാം. തളർത്താൻ ശ്രമിച്ചാലും തളരുന്നതല്ല സെന്റ് മേരീസ് ഇടവകാംഗങ്ങളുടെ ഐക്യമെന്ന് ഒരിക്കൽ കൂടി മാലോകർ അറിയട്ടെ.

---

# പുതിയനിയമത്തിലെ ലേഖനങ്ങൾ

**പി.റ്റി. ജോൺ**

ക്രിസ്തുമതത്തെ ഭൂവിലശേഷം പ്രചരിപ്പിക്കുന്നതിൽ പുതിയ നിയമത്തിലെ ലേഖനങ്ങൾ (Epistles) ഒരു പ്രധാന പങ്കു വഹിച്ചിട്ടുണ്ട്. അതിന്റെ പ്രധാന സൂത്രധാരൻ പൗലോസ് ശ്ലീഹാ ആയിരുന്നു. ഒരു പരീശനായിരുന്ന അദ്ദേഹം ക്രിസ്ത്യനികളെ പീഢിപ്പിക്കുന്നതിനായി ദമാസ്കസിലേക്കു പോകുന്ന വഴിയിൽ പൊടുന്നനെ ഉണ്ടായ ദർശനത്തിൽ കൂടി യേശുവിനെ അറിഞ്ഞ് മാനസാന്തരപ്പെട്ടു ക്രിസ്ത്യാനിയായതാണല്ലോ.

പൗലോസ്, പത്രോസ്, യാക്കോബ്, യോഹന്നാൻ, യൂദാ എന്നിവരുടെ ലേഖ നങ്ങൾ വായിക്കുമ്പോൾ ഈ സഭാ പിതാക്കന്മാർ യേശുവിനെക്കുറിച്ച് നമ്മോടു നേരിട്ട് സംസാരിക്കുന്നതായി തോന്നും. പുതിയനിയമത്തിലെ ഇരു പത്തൊന്നു ലേഖനങ്ങളിൽ പതിമൂന്നും പൗലോസ് എഴുതിയിട്ടുള്ളവയാണ്. പുതിയ സഭകൾക്കുള്ള നിർദ്ദേശങ്ങളാണ് ഇവയിൽ നിറഞ്ഞുനിൽക്കുന്നത്.

## പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ

റോമർ - റോമർക്കെഴുതിയ ലേഖനത്തിൽ ദൈവശാസ്ത്രം യുക്താനുസൃതമായ രീതിയിൽ രൂപവൽക്കരിച്ചിരിക്കുന്നു.

1 കോരിന്ത്യർ - പ്രാവർത്തികമായ നിർദ്ദേശങ്ങൾ അടങ്ങിയതും, കോരിന്തിലെ അച്ചടക്കമില്ലാത്ത സഭയുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതുമാണ്, ഈ ലേഖനം. കക്ഷിവഴക്കുകൾ, സദാചാരവിരുദ്ധത, പരസ്യാരാധന, വ്യവഹാരങ്ങൾ എന്നിവ പരാമർശിക്കപ്പെടുന്നു.

2 കോരിന്ത്യർ - രണ്ടാം ലേഖനം, ഒന്നാം ലേഖനത്തിന്റെ തുടർച്ചയാണ്. തനിക്കെതിരേ കള്ളപ്രവാചകൻമാർ സംഘടിപ്പിച്ച വിപ്ലവത്തെ ചെറുക്കുവാൻ വേണ്ടിയാണ് ഇത് എഴുതിയിരിക്കുന്നത്.

ഗലാത്യർ - റോമർക്ക് എഴുതിയ ലേഖനത്തിന്റെ ഒരു ചുരുങ്ങിയ ആവർത്തനമാണിത്. നിയമങ്ങൾക്ക് അടിമപ്പെടുത്തുവാനല്ല, മറിച്ച് സ്വാതന്ത്ര്യം ലഭ്യമാക്കുവാൻ വേണ്ടിയാണ് ക്രിസ്തു അവതരിച്ചതെന്ന് ഇതു സമർത്ഥിക്കുന്നു.

എഫേസ്യർ - പൗലോസ് ശ്ലീഹാ ജയിലിൽ കിടന്നുകൊണ്ട് എഴുതിയതാണെങ്കിലും, അത്യന്തം ശുഭാപ്തിവിശ്വാസവും ഉത്തേജനവും നിറഞ്ഞതാണ് ഈ ലേഖനം. ഇത് ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരുവന് ലഭിക്കുന്ന പ്രയോജനങ്ങളെക്കുറിച്ച് പറയുന്നു.

ഫിലിപ്പിയർ - പൗലോസ് ശ്ലീഹായിക്ക് ഏറ്റവും ഇഷ്ടപ്പെട്ട സഭകളിൽ ഒന്നായിരുന്നു ഫിലിപ്പ്യയിലെ സഭ. ഏതു ചുറ്റുപാടിലും സന്തോഷം കണ്ടെത്താമെന്ന് ഈ ലേഖനം സാക്ഷീകരിക്കുന്നു.

കൊലൊസ്യർ - തെറ്റായ വിശ്വാസങ്ങളെ എതിർക്കുവാനായിട്ടാണ് ഈ ലേഖനം. ക്രിസ്തുവിലുള്ള വിശ്വാസം പൂർണ്ണമാണ്. ക്രിസ്തു പറഞ്ഞതിനോട് കൂട്ടിച്ചേർക്കുവാനായി ഒന്നുംതന്നെയില്ല.

1 തെസ്സലൊനികൃർ - പൗലോസ് ശ്ലീഹായുടെ പൗരോഹിത്യ ജീവിതത്തിന്റെ ആദ്യനാളുകളിൽ എഴുതിയിട്ടുള്ളതാണിത് സഭയുടെ സംക്ഷിപ്തമായ ചരിത്രവും, പ്രത്യേകം ചില പ്രശ്നങ്ങൾക്ക് അദ്ദേഹത്തിന്റെ നേരിട്ടുള്ള ഉപയോഗങ്ങളും ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

*(ശേഷം പേജ് 5-ൽ)*

*(4-ാം പേജിൽ നിന്നും തുടർച്ച..)*

2 തെസ്സലൊനിക്യർ – ഒന്നാമത്തെ ലേഖനത്തെക്കാൾ ശക്തമായി അതേ വിഷയങ്ങളെക്കുറിച്ചും, വിശിഷ്യാ ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചും എഴുതിയിരിക്കുന്നു.

1 തിമോഥെയൊസ് – ശ്ലീഹായുടെ ജീവിതസായാഹ്നത്തിൽ അദ്ദേഹത്തന്റെ പ്രവർത്തനങ്ങളെ തുടർന്നുകൊണ്ടുപോകുവാനായി തിമോഥെയൊസിനെപ്പോലുള്ള ചെറുപ്പക്കാരെ അദ്ദേഹം തിരഞ്ഞെടുത്തു. തിമോഥെയൊസിനുള്ള രണ്ടു ലേഖനങ്ങളും കൂട്ടിച്ചേർത്താൽ യുവാക്കളായ പുരോഹിതന്മാർക്കുള്ള ഒരു മാർഗ്ഗനിർദ്ദേശിനി ഗ്രന്ഥമാകും.

2 തിമോഥെയൊസ് – പൗലോസ് ശ്ലീഹായുടെ മരണത്തിനു തൊട്ടുമുമ്പ് എഴുതിയതാണ്. ഇത് തിമോഥെയൊസിനുള്ള അദ്ദേഹത്തിന്റെ അവസാന വാക്കുകളാണ്.

തീത്തൊസ് – സഭ വളർത്തിയെടുക്കുവാൻ വിഷമമുള്ള കുപ്രസിദ്ധമായ ക്രേത്തയിലാണ് തീത്തൊസ് നിയോഗിക്കപ്പെട്ടത്. അവിടെ എങ്ങനെ പ്രവർത്തിക്കണമെന്നുള്ളതിനെക്കുറിച്ചുള്ള പ്രായോഗിക നിർദ്ദേശങ്ങൾ പൗലോസ് ശ്ലീഹാ ഈ ലേഖനത്തിൽക്കൂടി നൽകുന്നു. ഫിലേമോൻ – ഒനേസിമോസ് എന്ന അടിമയോടു ക്ഷമിക്കുവാനും അയാളെ ക്രിസ്തുവിന്റെ നാമത്തിൽ ഒരു സഹോദരനായി അംഗീകരിക്കുവാനും യജമാനനായ ഫിലേമോനോടു ശ്ലീഹാ അഭ്യർത്ഥിക്കുന്നു.

## മറ്റു ലേഖനങ്ങൾ

എബ്രായർ – ഇത് എഴുതിയത് ആരെന്ന് അറിവില്ല. ഒരുപക്ഷേ യഹൂദസഭയിലേക്ക് തിരിച്ചു പോകാവുന്ന ക്രിസ്ത്യാനികളെ ഉദ്ദേശിച്ച് എഴുതിയതായിരിക്കാം ഈ ലേഖനം. പഴയനിയമത്തെ വ്യാഖ്യാനിച്ച് അതിൽ കാണുന്ന പലതും വരുവാനിരിക്കുന്ന ക്രിസ്തുവിനെക്കുറിച്ചുള്ള സൂചനകളാണെന്ന് സമർത്ഥിക്കുന്നു.

യാക്കോബ് – കർമ്മോത്സുകനായ യാക്കോബ്, ക്രിസ്തുവിൽ വിശ്വസിക്കുന്ന ഒരു വ്യക്തിയുടെ പെരുമാറ്റം ഏതു വിധത്തിലായിരിക്കണമെന്ന് ശക്തിയുക്തം പ്രതിപാദിക്കുന്നു.

1 പത്രോസ് – ആദികാല ക്രിസ്ത്യാനികൾ അക്രമാസക്തമായ എതിർപ്പുകളും നേരിടേണ്ടിവന്നു. പീഡനങ്ങളും അനുഭവിക്കേണ്ടിവന്ന അവരെ പത്രോസ് തന്റെ ലേഖനത്തിൽ കൂടി ആശ്വസിപ്പിക്കുകയും, ധൈര്യപ്പെടുത്തുകയും ചെയ്യുന്നു

2 പത്രോസ് ക്രിസ്ത്യാനികളുടെ ഇടയിൽനിന്നു തന്നെ ഉയർന്നുവന്ന പ്രശ്നങ്ങളെ രണ്ടാം ലേഖനത്തിൽ പരാമർശിക്കുന്നു. വ്യാജ ഉപദേഷ്ടാക്കളെക്കുറിച്ച് മുന്നറിയിപ്പു നൽകുകയും ചെയ്യുന്നു.

1 യോഹന്നാൻ – ക്രിസ്തീയജീവിതത്തിന്റെ അടിസ്ഥാനതത്വങ്ങളെക്കുറിച്ച് യോഹന്നാൻ തന്റെ ലേഖനത്തിൽ ഹൃദ്യമായി വിശദീകരിക്കുന്നു.

2 യോഹന്നാൻ – കള്ള ആചാര്യന്മാരെ തിരിച്ചറിഞ്ഞ് അവരെ എങ്ങനെ നേരിടണമെന്ന് യോഹന്നാൻ പഠിപ്പിക്കുന്നു.

3 യോഹന്നാൻ – നല്ല ആചാര്യന്മാർക്ക് നല്ല രീതിയിൽ ആതിഥ്യം നൽകി ആദരിക്കുവാൻ യോഹന്നാൻ ആഹ്വാനം ചെയ്യുന്നു.

യൂദാ–മതവിദ്വേഷികളെ അഗ്നിമയമായി അവജ്ഞയോടെ ഇതിൽ തുറന്നു കാട്ടുന്നു. അതേസമയം അവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും പ്രേരിപ്പിക്കുന്നു.

# ഇടവക പെരുന്നാളിന്റെ ദൃശ്യങ്ങൾ

## 10, 11 – ജനുവരി 2009











## കുടുംബ വിശേഷങ്ങൾ



*എല്ലാമാസവും നമ്മുടെ പള്ളിയിൽ നിന്ന് ജനറൽ ആശുപത്രി കാൻസർ വാർഡിലേക്കു നൽകുന്ന മരുന്നുകളുടെ ജനുവരി മാസത്തെ വിതരണം, നമ്മുടെ ഇടവകാംഗമായ ശ്രീ. ജോർജ്ജ് പോൾ (സിന്തൈറ്റ് ഗ്രൂപ്പ്) നിർവ്വഹിച്ചപ്പോൾ. വികാരി ഫാ. എടമ്പാടം, ഡോ. ജുനൈദ് റഹ്മാൻ എന്നിവർ സമീപം.*

## ഇടവക ഡയറക്ടറി

ഇടവകാംഗങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഡയറക്ടറി തയ്യാറായിക്കൊണ്ടിരിക്കയാണ്. പ്രൂഫ് തിരുത്തൽ നടത്തുവാൻ എല്ലാവരുടെയും അഡ്രസിൽ അയക്കുന്നുണ്ട്. എന്തെങ്കിലും തിരുത്തലുകൾ ഉള്ളവർ കത്തീഡ്രൽ ഓഫീസിൽ നേരിട്ടോ, ഫോൺ മുഖേനയോ ബന്ധപ്പെടണമെന്നഭ്യർത്ഥിക്കുന്നു. ഫെബ്രുവരി 15-ാം തീയതിക്കകം കിട്ടുന്ന വിവരങ്ങൾ മാത്രമേ ഡയറക്ടറിയിൽ ചേർക്കുകയുള്ളൂ.

ഡയറക്ടറി ഡെമി 1/8 വലുപ്പത്തിൽ കളറിലാണ് അച്ചടിക്കുന്നത്.

**പരസ്യനിരക്ക്**

**ഹാഫ് പേജ്-Rs.5,000 • ഫുൾ പേജ്-Rs.10,000**
**ബാക്ക് കവർ-Rs.15,000 • ഇൻസൈഡ് ഫ്രണ്ട് & ബാക്ക്-Rs.12,500**

പരസ്യത്തിനുള്ള തുക മാറ്റർ സഹിതം പള്ളി ഓഫീസിൽ നൽകണമെന്നഭ്യർത്ഥിക്കുന്നു.

## ഇടവകദിനവും, സ്വീകരണവും

നമ്മുടെ കത്തീഡ്രൽ ഇടവകദിനം ഫെ. 22-ാം തീയതി നടത്തുവാൻ തീരുമാനിച്ചു. ഇടവകദിനത്തോടനുബന്ധിച്ച് നമ്മുടെ ഇടവകയിൽ നിന്ന് ഹൈക്കോടതി ജഡ്ജിയായി നിയമിതനായ ബഹു. ജസ്റ്റിസ് സുരേന്ദ്രമോഹനും, പുതിയതായി മെത്രാൻ സ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ട വെ. റവ. യെൽദോ റമ്പാച്ചനും സ്വീകരണം നൽകുവാനും നിശ്ചയിച്ചു. തദവസരത്തിൽ അദ്ധ്യക്ഷനായി മലങ്കര സഭാ സിനഡിന്റെ സെക്രട്ടറി വെ. റെ. സേവേറിയോസ് തിരുമേനി സംബന്ധിക്കുന്നതാണ്. സഭാവൈദികട്രസ്റ്റി വെ. റെ. ഏബ്രഹാം കോനാട്ട്, സഭാ അൽമായ ട്രസ്റ്റി ശ്രീ. എം.ജി. ജോർജ്ജ് മുത്തൂറ്റ്, സഭാ സെക്രട്ടറി മി. ജോർജ്ജ് ജോസഫ് എന്നിവർ ഇടവകദിനാഘോഷത്തിൽ സംബന്ധിക്കുന്നതാണ്. എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

## മൂന്നു നോമ്പാചരണം

കത്തീഡ്രലിൽ 2009 ഫെ. 2,3,4,5 തീയതികളിൽ (തിങ്കൾ, ചൊവ്വ, ബുധൻ, വ്യാഴം) മൂന്നു നോമ്പ് പൂർവ്വാധികം ഭംഗിയായി ആചരിച്ചു. ഈ ദിവസങ്ങൾ സ്വയം പരിശോധനയുടെയും അനുതാപത്തിന്റെയും സമർപ്പണത്തിന്റെയും സമയമായി കരുതി ഇടവകാംഗങ്ങൾ കുടുംബസമേതം വന്നു സംബന്ധിച്ചു. മൂന്നു നോമ്പാചരണത്തിന് നേതൃത്വം നൽകിയത് മലങ്കര ഓർത്തഡോക്സ് സഭയുടെ അങ്കമാലി ഭദ്രാസന പ്രാർത്ഥനായോഗ സുവിശേഷ സംഘമാണ്. ഫാ. ബിനോയി ധ്യാനപ്രസംഗം നടത്തി. ഇതിൽ സംബന്ധിച്ച എല്ലാവർക്കും നോമ്പ് ആചരണം വളരെ അനുഗ്രഹപ്രദമായി. കത്തീഡ്രൽ വനിതാസമാജത്തിന്റെ ആഭിമുഖ്യത്തിൽ എല്ലാവർക്കും ഉച്ചഭക്ഷണവും ഉണ്ടായിരുന്നു.

## വിശേഷദിവസങ്ങൾ

**ഫെബ്രുവരി**

8 ഞായർ   വാങ്ങിപ്പോയ സകല പട്ടക്കാരുടെയും ഓർമ്മ
9 തിങ്കൾ   : പ്രഥമ വികാരി ജേക്കബ് മുരിക്കലച്ചന്റെ ഓർമ്മ
15 ഞായർ : സകല വാങ്ങിപ്പോയവരുടെയും ഓർമ്മ
22 ഞായർ : കൊത്നേ (പേത്തറുത്ത) ഞായറാഴ്ച
23 തിങ്കൾ : വലിയ നോമ്പാരംഭം, രാവിലെ 11 മണിക്ക് കത്തീഡ്രലിൽ ഉച്ചനമസ്കാരവും, ശുബക്കോനോ ശുശ്രൂഷയും

**മാർച്ച്**

1 ഞായർ   : ഗർബോ - കുഷ്ഠരോഗിയെ സൗഖ്യമാക്കിയ ഞായറാഴ്ച
8 ഞായർ   : മ്ശ്റിയോ - തളർവാത രോഗിയെ സൗഖ്യമാക്കിയ ഞായറാഴ്ച

## അനുമോദനം



നമ്മുടെ ഇടവകാംഗങ്ങളായ ശ്രീ. ചാക്കോ ഫിലിപ്പിന്റെയും ശ്രീമതി മറിയാമ്മ ചാക്കോയുടെയും മകൾ കുമാരി ക്രിസ്റ്റീന മറിയാം ചാക്കോ ബാലജനസഖ്യം മേഖലാ തലത്തിൽ മിമിക്രിക്കും, മോണോ ആക്ടിനും ഒന്നാം സ്ഥാനം നേടി വ്യക്തിഗത ചാമ്പ്യൻഷിപ്പിന് അർഹയായി. കൂടാതെ സംസ്ഥാന സ്കൂൾ കലോൽസവത്തിൽ ഗാനമേളയ്ക്ക് എ ഗ്രേഡും നേടി.

## മാമോദീസ

1. വൈറ്റില ജനതാ റോഡ് മനയത്ത് ശ്രീ. നിരൺ ഫിലിപ്പിന്റെയും, ശ്രീമതി രേഖയുടെ യും മകൾ നോറ സാറാ ഫിലിപ്പിനെ 4/1/09 ൽ മാമോദീസ കത്തീഡ്രലിൽ നടന്നു.
2. തിരുവാങ്കുളം നീറാൺമംഗലിൽ ശ്രീ. ജറിഷിന്റെയും, ശ്രീമതി കാത്തിയുടെയും മകൻ മാത്യൂസിനെ 11-1-09 ൽ മാമോദീസാ കത്തീഡ്രലിൽ നടന്നു.

*ഈ പൈതങ്ങൾ ദൈവകൃപയിൽ വളരട്ടെ!*

## വിവാഹം



വൈറ്റില ടാഗോർ റോഡ് ശാന്തിഭവനത്തിൽ ശ്രീ എ.എം. മത്തായിയുടെയും ശ്രീമതി മോളി മത്തായിയുടെയും മകൻ ശ്രീ ബിനു മത്തായിയും, റാന്നി കളമ്പാല പെരുമ്പൊയ്കയിൽ ശ്രീ. മാത്യു പി. ഏബ്രഹാമിന്റെയും ശ്രീമതി ഏലിയാമ്മയുടെയും മകൾ ലിസ്സയും തമ്മിലുള്ള വിവാഹം 5.1.09 ൽ കത്തീഡ്രലിൽ ആശീർവദിച്ചു.



ഏരൂർവെസ്റ്റ് കളരിക്കൽ ഗാർഡൻസിൽ പുരയ്ക്കൽ ശ്രീ ജേക്കബ് മാത്യുവിന്റെയും ശ്രീമതി അച്ചാമ്മ ജേക്കബിന്റെയും മകൾ ശ്രീമതി മറിയവും, പിറവം മുളക്കുളം വടക്ക് പൂവത്തുങ്കൽ തുടിയംപറമ്പിൽ അഡ്വക്കേറ്റ് ശ്രീ. സഖറിയ വറുഗീസിന്റെയും ശ്രീമതി മോളിക്കുട്ടി സഖറിയയുടെയും മകൻ വറുഗീസിസും തമ്മിലുള്ള വിവാഹം 11.1.09-ൽ മുളക്കുളം വടക്ക് സെന്റ് ജോർജ്ജ് കർമ്മേൽക്കുന്ന് ഓർത്തഡോക്സ് പള്ളിയിൽ ആശീർവദിച്ചു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## നിര്യാതരായി



എളമക്കര മുണ്ടയ്ക്കൽ റോഡ് പുത്തൻ പുരയ്ക്കൽ ജോൺ വർഗ്ഗീസ് (60), 1-1-2009 ൽ നിര്യാതനായി. 3-1-2009 ൽ ചിറ്റൂർ റോഡ് സെമിത്തേരിയിൽ കുടുംബക്കല്ലറയിൽ അടക്കം ചെയ്തു.



എറണാകുളം ഈരാളി വർഗ്ഗീസ് ഏബ്രഹാം (86), 28-1-2009-ൽ നിര്യാതനായി 29-1-2009 ൽ ഇളംകുളം സെമിത്തേരിയിൽ അടക്കം ചെയ്തു.

*കുടുംബാംഗങ്ങളോടുള്ള അനുശോചനം രേഖപ്പെടുത്തുന്നു.*

*Sponsored by:* Synthite

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***